എ.വൈ.ആർ

സൂറ-13

# അർറഅ്ദ്

قُلْ مَن رَّبُّ ٱلسَّمَٰوَٰتِ وَٱلْأَرْضِ قُلِ ٱللَّهُ ۚ قُلْ أَفَٱتَّخَذْتُم مِّن دُونِهِۦٓ أَوْلِيَآءَ لَا
يَمْلِكُونَ لِأَنفُسِهِمْ نَفْعًا وَلَا ضَرًّا ۚ قُلْ هَلْ يَسْتَوِى ٱلْأَعْمَىٰ وَٱلْبَصِيرُ أَمْ هَلْ
تَسْتَوِى ٱلظُّلُمَٰتُ وَٱلنُّورُ ۗ أَمْ جَعَلُوا۟ لِلَّهِ شُرَكَآءَ خَلَقُوا۟ كَخَلْقِهِۦ فَتَشَٰبَهَ
ٱلْخَلْقُ عَلَيْهِمْ ۚ قُلِ ٱللَّهُ خَٰلِقُ كُلِّ شَىْءٍ وَهُوَ ٱلْوَٰحِدُ ٱلْقَهَّٰرُ ﴿١٦﴾

**16** പ്രവാചകൻ അവരോടു ചോദിക്കുക: ആകാശഭൂമികളുടെ രക്ഷകൻ ആരാകുന്നു? പറഞ്ഞുകൊടുക്കുക: അല്ലാഹു. വീണ്ടും ചോദിക്കുക: യാഥാർഥ്യം ഇതായിരിക്കെ, അവനെ വെടിഞ്ഞ് തങ്ങൾക്കുതന്നെ ഗുണമോ ദോഷമോ വരുത്താനധികാരമില്ലാത്തവരെ നിങ്ങൾ രക്ഷകരായി വരിക്കുന്നതെന്ത്?! ചോദിച്ചു നോക്കുക: അന്ധനും കാഴ്ചയുള്ളവനും തുല്യരാകുമോ? അന്ധകാരങ്ങളും വെളിച്ചവും തുല്യമാകുമോ? അതല്ല, അല്ലാഹുവിന്റെ സൃഷ്ടിപോലെ ചിലത് ഈ സാങ്കൽപിക രക്ഷകർ സൃഷ്ടിച്ചതുവഴി സൃഷ്ടി കാര്യത്തിൽ സന്ദേഹമുളവായതിനാൽ അല്ലാഹുവിന്ന് പങ്കാളികളെ സങ്കൽപിക്കുകയായിരുന്നുവോ അവർ? പറഞ്ഞു കൊടുക്കുക: സകലമാന വസ്തുക്കളുടെയും സ്രഷ്ടാവ് അല്ലാഹു തന്നെയാകുന്നു. അഖിലവും അടക്കിഭരിക്കുന്ന ഏകദൈവമാണവൻ.

أَنزَلَ مِنَ ٱلسَّمَآءِ مَآءً فَسَالَتْ أَوْدِيَةٌۢ بِقَدَرِهَا فَٱحْتَمَلَ ٱلسَّيْلُ زَبَدًا
رَّابِيًا ۚ وَمِمَّا يُوقِدُونَ عَلَيْهِ فِى ٱلنَّارِ ٱبْتِغَآءَ حِلْيَةٍ أَوْ مَتَٰعٍ زَبَدٌ مِّثْلُهُۥ ۚ
كَذَٰلِكَ يَضْرِبُ ٱللَّهُ ٱلْحَقَّ وَٱلْبَٰطِلَ ۚ فَأَمَّا ٱلزَّبَدُ فَيَذْهَبُ جُفَآءً ۖ وَأَمَّا
مَا يَنفَعُ ٱلنَّاسَ فَيَمْكُثُ فِى ٱلْأَرْضِ ۚ كَذَٰلِكَ يَضْرِبُ ٱللَّهُ ٱلْأَمْثَالَ
﴿١٧﴾

**17** അല്ലാഹു മാനത്തുനിന്നു മഴയിറക്കി. അടിവാരങ്ങൾ അവയുടെ കഴിവിനൊത്ത് അതുമായൊഴുകി. ഒഴുക്ക് ശക്തമായപ്പോൾ മീതെ നുരയും പതയുമുയർന്നു. ആഭരണങ്ങളും മറ്റുപകരണങ്ങളും നിർമിക്കാൻ ആളുകൾ തീയിലുരുക്കുന്ന ലോഹങ്ങളിലും ഇതുപോലെ കീടമുണ്ടാകും. അല്ലാഹു സത്യാസത്യങ്ങളെ ഇങ്ങനെ ഉദാഹരിക്കുന്നു. നുരകൾ വറ്റിപ്പോകും. മനുഷ്യർക്കുപകാരമുള്ളത് ഭൂമിയിൽ അവശേഷിക്കും. ഇത്തരം ഉദാഹരണങ്ങളിലൂടെ അല്ലാഹു യാഥാർഥ്യങ്ങൾ വിശദീകരിച്ചു തരികയാകുന്നു.

لِلَّذِينَ ٱسْتَجَابُوا۟ لِرَبِّهِمُ ٱلْحُسْنَىٰ ۚ وَٱلَّذِينَ لَمْ يَسْتَجِيبُوا۟ لَهُۥ لَوْ أَنَّ لَهُم
مَّا فِى ٱلْأَرْضِ جَمِيعًا وَمِثْلَهُۥ مَعَهُۥ لَٱفْتَدَوْا۟ بِهِۦٓ ۚ أُو۟لَٰٓئِكَ لَهُمْ سُوٓءُ
ٱلْحِسَابِ وَمَأْوَىٰهُمْ جَهَنَّمُ ۖ وَبِئْسَ ٱلْمِهَادُ ﴿١٨﴾

**18** വിധാതാവിന്റെ വിളികേട്ട് ഉത്തരം കൊടുത്തവർക്ക് സൗഭാഗ്യം. ആ വിളി കേൾക്കാൻ വിസമ്മതിച്ചവരോ, ഭൂമിയിലുള്ള മുഴുവൻ സമ്പത്തിനും അത്രതന്നെ വേറെ സമ്പത്തിനും ഉടമയായാൽ ദൈവശിക്ഷയിൽനിന്ന് രക്ഷപ്പെടാൻ അതൊക്കെയും പിഴയായി നൽകാൻ അവർ തയാറാകും. അതിരൂക്ഷമായി വിചാരണ ചെയ്യപ്പെടുന്നവരാണക്കൂട്ടർ. നരകമാണവരുടെ അന്തിമ വസനം. എത്ര ദുഷിച്ച പാർപ്പിടം!!

قُلْ = നീ പറയുക(പ്രവാചകൻ അവരോടു ചോദിക്കുക) مَنْ = ആരാകുന്നു رَبُّ ٱلسَّمَٰوَٰتِ وَٱلْأَرْضِ = ആകാശഭൂമികളുടെ രക്ഷകൻ
قُلِ ٱللَّهُ = അല്ലാഹു(എന്നു)പറഞ്ഞുകൊടുക്കുക قُلْ = നീ പറയുക(വീണ്ടും ചോദിക്കുക)

أَفَٱتَّخَذْتُم= (വരിക്കുന്നതെന്ത്) നിങ്ങൾ എടുത്തുവോ(യാഥാർഥ്യം ഇതായിരിക്കെ) مِّن دُونِهِۦٓ= അവനെ കൂടാതെ, വെടിഞ്ഞ്

أَوْلِيَآءَ= രക്ഷകർ ആയിട്ട് لَا يَمْلِكُونَ= (അധികാരമില്ലാത്തവരെ) അവർ ഉടമപ്പെടുത്തുന്നില്ല لِأَنفُسِهِمْ= (വരുത്തുവാൻ) അവർക്കുതന്നെ

نَفْعًا= (മോ) ഉപകാരം, ഗുണം وَلَا ضَرًّا= (ദോഷമോ) ദോഷത്തെയും ഇല്ല قُلْ= (ചോദിക്കുക) നീ പറയുക

هَلْ يَسْتَوِى= തുല്യമാകുമോ? ٱلْأَعْمَىٰ= അന്ധൻ وَٱلْبَصِيرُ= കാഴ്ചയുള്ളവനും أَمْ= അതല്ല,

هَلْ تَسْتَوِى= തുല്യമാകുമോ ٱلظُّلُمَٰتُ= അന്ധകാരങ്ങൾ وَٱلنُّورُ= വെളിച്ചവും

أَمْ جَعَلُوا۟ لِلَّهِ= (സങ്കൽപിക്കുകയായിരുന്നുവോ) അതല്ല, അല്ലാഹുവിന്ന് അവർ ആക്കിയോ شُرَكَآءَ= പങ്കാളികളെ

خَلَقُوا۟= (ഈ സാങ്കൽപിക രക്ഷകർ സൃഷ്ടിച്ചതുവഴി) അവർ സൃഷ്ടിച്ചു كَخَلْقِهِۦ= അവന്റെ(അല്ലാഹുവിന്റെ)സൃഷ്ടിപോലെ

فَتَشَٰبَهَ ٱلْخَلْقُ عَلَيْهِمْ= (യതിനാൽ) സൃഷ്ടികാര്യത്തിൽ അവർക്ക് സന്ദേഹമുളവായി

قُلِ= നീ പറഞ്ഞുകൊടുക്കുക ٱللَّهُ خَٰلِقُ كُلِّ شَىْءٍ= സകല വസ്തുക്കളുടെയും സ്രഷ്ടാവ് അല്ലാഹു തന്നെയാകുന്നു

وَهُوَ= അവൻ ٱلْوَٰحِدُ= ഏക(ദൈവം ആകുന്നു)ൻ ٱلْقَهَّٰرُ= എല്ലാം അടക്കിഭരിക്കുന്ന, സർവനിയന്താവായ

أَنزَلَ= അവൻ(അല്ലാഹു)ഇറക്കി مِنَ ٱلسَّمَآءِ= മാനത്തുനിന്ന് مَآءً= (മഴ) വെള്ളം فَسَالَتْ= അപ്പോൾ ഒഴുകി

أَوْدِيَةٌۢ= അടിവാരങ്ങൾ, സമതലങ്ങൾ بِقَدَرِهَا= അവയുടെ കഴി(അള)വിനൊത്തു

فَٱحْتَمَلَ ٱلسَّيْلُ= (ഒഴുക്കു ശക്തമായപ്പോൾ ഉയർന്നു) അപ്പോൾ ഒഴുക്കു വഹിച്ചു زَبَدًا= നുരയും പതയും, അഴുക്ക്

رَّابِيًا= (മീതെ) ഉയർന്നതായി

وَمِمَّا يُوقِدُونَ عَلَيْهِ فِى ٱلنَّارِ= (ആളുകൾ തീയിൽ ഉരുക്കുന്ന ലോഹങ്ങളിലും) അതിൽനിന്നും യാതൊന്നിന്മേൽ അവർ തീകത്തിക്കുന്നുവോ

ٱبْتِغَآءَ= (നിർമിക്കാൻ)ആഗ്രഹിച്ചുകൊണ്ട് حِلْيَةٍ= ആഭരണങ്ങൾ أَوْ مَتَٰعٍ= (ഉപകരണങ്ങ)ൾ ചരക്കുക (മറ്റു) അല്ലെങ്കിൽ

زَبَدٌ= (ഉണ്ടാകും) അഴുക്ക്, കീടം مِّثْلُهُۥ= അതുപോലെ كَذَٰلِكَ= ഇങ്ങനെ

يَضْرِبُ ٱللَّهُ= (ഉദാഹരിക്കുന്നു) അല്ലാഹു ഉപമകൾ അവതരിപ്പിക്കുന്ന ٱلْحَقَّ وَٱلْبَٰطِلَ= സത്യാസത്യങ്ങ(ളെ)ൾക്ക്

فَأَمَّا ٱلزَّبَدُ= എന്നാൽ കീടം فَيَذْهَبُ= അതുപോകുന്നു جُفَآءً= പാഴായി, വറ്റിയതായിട്ട്

وَأَمَّا مَا يَنفَعُ ٱلنَّاسَ= മനുഷ്യർക്ക് പ്രയോജനം ചെയ്യുന്നതോ فَيَمْكُثُ= അത് വസിക്കുന്നു, അവശേഷിക്കുന്നു فِى ٱلْأَرْضِ= ഭൂമിയിൽ, മണ്ണിൽ

كَذَٰلِكَ يَضْرِبُ ٱللَّهُ ٱلْأَمْثَالَ= അല്ലാഹു ഇപ്രകാരം ഉദാഹരണങ്ങൾ അവതരിപ്പിക്കുന്നു(ഉദാഹരണങ്ങളിലൂടെ യാഥാർഥ്യങ്ങൾ

വിശദീകരിച്ചു തരികയാകുന്നു

لِلَّذِينَ ٱسْتَجَابُوا۟ لِرَبِّهِمُ= അവരുടെ വിധാതാവിന്ന് (ന്റെവിളികേട്ട്) ഉത്തരം കൊടുത്തവർക്ക് ٱلْحُسْنَىٰ= (ഉണ്ട്) നന്മ, സൗഭാഗ്യം

وَٱلَّذِينَ لَمْ يَسْتَجِيبُوا۟= (വിളികേൾക്കാൻ വിസമ്മതിച്ചവരോ) ഉത്തരം കൊടുക്കാത്തവർ لَهُۥ= (ന്റെ) അവന്ന്

لَوْ أَنَّ لَهُم= അവർക്ക് ഉണ്ടെങ്കിൽ مَّا فِى ٱلْأَرْضِ= (സമ്പത്ത്) ഭൂമിയിൽ ഉള്ളത് جَمِيعًا= ഒക്കെയും

وَمِثْلَهُۥ مَعَهُۥ= (അത്ര തന്നെ വേറെ സമ്പത്തും) ഉണ്ടെങ്കിൽ അതോടൊപ്പം അതുപോലെയും

لَٱفْتَدَوْا۟ بِهِۦٓ= (അതൊക്കെയും അവർ പിഴയായി നൽകാൻ തയാറാകും) അതുകൊണ്ട് അവർ തെണ്ടം നൽകും

أُو۟لَٰٓئِكَ= അക്കൂട്ടർ لَهُمْ سُوٓءُ ٱلْحِسَابِ= (രൂക്ഷമായി വിചാരണ ചെയ്യപ്പെടുന്നവരാകുന്നു) അവർക്ക് ദുഷ്ടമായ വിചാരണയുണ്ട്

وَمَأْوَىٰهُمْ= അവരുടെ(അന്തിമ)വസനം جَهَنَّمُ= നരകമാകുന്നു وَبِئْسَ= എത്ര ദുഷിച്ചത് ٱلْمِهَادُ= (അവരുടെ)പാർപ്പിടം

**16:** ഏകദൈവസന്ദേശമാണ് സത്യമെന്നും പ്രപഞ്ചത്തിലെ സകലചരാചരങ്ങളും ഈ സത്യത്തെ സാക്ഷ്യപ്പെടുത്തുന്നുവെന്നും മുൻസൂക്തങ്ങളിൽ പറഞ്ഞുവല്ലോ. വാസ്തവത്തിൽ ഈ സംഗതി ഇപ്പോൾ ഇസ്‌ലാമിനെ എതിർക്കുന്ന ബഹുദൈവ വിശ്വാസികളും വിഗ്രഹാരാധകരുമെല്ലാം സ്വയം സമ്മതിക്കുന്നതാണെന്ന് സമർഥിക്കുകയാണീ സൂക്തം.

പ്രപഞ്ചത്തിന്റെ യഥാർഥ സ്രഷ്ടാവ് ഏകനായ പരമേശ്വരനാണെന്ന് ഇക്കാലത്തെ ബഹുദൈവാരാധകരെപ്പോലെ പണ്ടുകാലത്തെ ബഹുദൈവാരാധകരും സമ്മതിച്ചിരുന്നു. പക്ഷേ, തങ്ങളുടെ ഭാഗധേയം നിശ്ചയിക്കുന്നതും ഗുണദോഷങ്ങൾ വരുത്തുന്നതും തങ്ങളുടെ ആരാധ്യരാണ് -അതു വിഗ്രഹങ്ങളാവാം, മലക്കും ജിന്നുമാവാം, പുണ്യാത്മക്കളാവാം- എന്ന വിശ്വാസമാണ് അവരുടെ ശിർക്ക് (ബഹുദൈവാരാധന). ഈ ആരാധ്യർ ദൈവിക സിദ്ധികളാർജിച്ചവരും ദൈവിക വ്യവഹാരങ്ങളിൽ പരമേശ്വരന്റെ പങ്കാളികളുമാണ് എന്നവർ കരുതി. ഈ നിലപാട് വാസ്തവത്തിൽ സ്രഷ്ടാവായ പരമേശ്വരൻ ഏകനും സർവശക്തനും തന്നിൽ തന്നെ എല്ലാം തികഞ്ഞവനുമാണെന്ന വിശ്വാസത്തിന്റെ നിഷേധമാണ്. സർവശക്തനും സർവജ്ഞനുമായ പരമാധികാരിക്ക് പങ്കാളികളുടെയോ സഹായികളുടെയോ ആവശ്യമില്ല. അവനൊഴിച്ചുള്ള സകലമാന ഉണ്മകളും അവൻ

ഉളവാക്കിയ, അവന്റെ സൃഷ്ടികളും ദാസന്മാരുമാകുന്നു. ദൈവമല്ലാത്തവരെ ദൈവമാക്കി ആരാധിക്കുന്നത് സാക്ഷാൽ ദൈവത്തെ നിന്ദിക്കലും ധിക്കരിക്കലുമാണ്. ഒരു സൃഷ്ടിക്കും അണുമണിത്തൂക്കമില്ല ദിവ്യത്വം. തങ്ങൾക്കു തന്നെ സ്വന്തം നിലയിൽ ഗുണമോ ദോഷമോ ചെയ്യാൻ കഴിയുന്നവരല്ല ഈ ആരാധ്യരൊന്നും. അല്ലാഹു ഒരുവൻ മാത്രമാണ് എല്ലാവരെയും രക്ഷിക്കുന്നതും സഹായിക്കുന്നതും. ഇതാണ് യാഥാർഥ്യമെന്നിരിക്കെ മനുഷ്യർ അവർക്കു തോന്നിയവരെ രക്ഷകരും പാലകരുമായി ആരാധിക്കുന്നതിന് എന്തു ന്യായമാണുള്ളത്?!

ബഹുദൈവവിശ്വാസം കേവലം അന്ധതയാണ്. ഏകദൈവവിശ്വാസവും ഏകദൈവത്തോടുള്ള വിധേയത്വവുമാണ് കാഴ്ച. അന്ധന്റെയും കാഴ്ചയുള്ളവന്റെയും അവസ്ഥ എന്തുമാത്രം വ്യത്യസ്തമാണോ അതുപോലെ വ്യത്യസ്തമാണ് ഏകദൈവവിശ്വാസിയുടെയും ബഹുദൈവവിശ്വാസിയുടെയും ജ്ഞാനാവസ്ഥ. ഇരുട്ടും വെളിച്ചവും എവ്വിധം പരസ്പര വിരുദ്ധമാണോ അവ്വിധം പരസ്പര വിരുദ്ധമാണ് ഇസ്‌ലാമും ജാഹിലിയ്യത്തും. هَلْ يَسْتَوِى.......وَٱلنُّورُ എന്ന വാക്യം ബഹുദൈവവിശ്വാസത്തിന്റെ ഗൗരവം വ്യക്തമാക്കുകയാണ്. ചില ആളുകൾ പറയാറുണ്ട്. സത്യത്തിൽ ദൈവം ഏകനാണെങ്കിലും പലദൈവങ്ങളിൽ വിശ്വസിക്കുകയും ആരാധിക്കുകയും ചെയ്യുന്നതുകൊണ്ട് ആളുകൾക്ക് ആശ്വാസവും സമാധാനവും ലഭിക്കുന്നുവെങ്കിൽ അതായിക്കൊള്ളട്ടെ. യഥാർഥ ദൈവത്തിന് അതുകൊണ്ട് ദോഷമൊന്നും വരാനില്ലല്ലോ. പിന്നെ എന്തിന് അതിനെ കുറ്റകരമായി കാണുന്നു? കാഴ്ചയാണ് നല്ലതെങ്കിലും അന്ധതയാണ് സുഖപ്രദമെന്നു തോന്നുന്നവർ കണ്ണ് കുത്തിപ്പൊട്ടിച്ചുകൊള്ളട്ടെ എന്നും നല്ലത് വെളിച്ചമാണെങ്കിലും ഇരുട്ടിനെ ആസ്വദിക്കുന്നവർ ഇരുട്ടിൽ വാണു കൊള്ളട്ടെ എന്നും പറയുന്നതുപോലെയാണിത്. ഇതേ ന്യായം സത്യാസത്യങ്ങൾ, ധർമാധർമങ്ങൾ തുടങ്ങിയ മൂല്യങ്ങളിലേക്കും വ്യാപിക്കുന്നു. അപ്പോൾ കൊടിയ അസത്യങ്ങളും അധർമങ്ങളും അക്രമങ്ങളുമൊക്കെ മതത്തിന്റെയും ദൈവാരാധനയുടെയും താൽപര്യങ്ങളായിത്തീരുന്നു. വിഗ്രഹ മതങ്ങളിൽ അതിന് ധാരാളം ഉദാഹരണങ്ങൾ കാണാം.

ഒരു തത്ത്വം അംഗീകരിക്കുന്നതിന് അനുകൂലമായ തെളിവുകളും ന്യായങ്ങളും വേണമല്ലോ. എന്തു തെളിവിനെ ആധാരമാക്കിയാണിവർ ദൈവത്തിന് പങ്കാളികളുണ്ടെന്ന് വാദിക്കുന്നത്? ദൈവത്തിന്റെ പങ്കാളികളെന്ന് ഇക്കൂട്ടർ പറയുന്നവർ സൃഷ്ടിച്ച വല്ല സൃഷ്ടികളും ഈ ലോകത്തുണ്ടോ? അത്തരം സൃഷ്ടികളും അല്ലാഹുവിന്റെ സൃഷ്ടികളും തമ്മിലുള്ള സാദൃശ്യം കണ്ട് ഏതു സൃഷ്ടി ആരുടേതാണെന്ന് മനസ്സിലാകാതെ എല്ലാ സ്രഷ്ടാക്കളെയും ആരാധിക്കുകയാണോ? സകലതിന്റെയും മൗലിക സ്രഷ്ടാവ് ഏകദൈവമാണെന്ന് അംഗീകരിച്ചിരുന്ന അറേബ്യൻ വിഗ്രഹാരാധകരോട് നിങ്ങൾ അംഗീകരിച്ച സത്യത്തെ കർമതലത്തിൽ നിങ്ങൾ തന്നെ നിഷേധിക്കുകയല്ലേ ദൈവേതരരെ രക്ഷകരായി സ്വീകരിക്കുന്നതിലൂടെ ചെയ്യുന്നതെന്ന് ചോദിക്കുകയാണ് ..........أَمْ جَعَلُوا۟ എന്ന വാക്യം.

ഈ സൂക്തത്തിൽ ചോദ്യങ്ങളുന്നയിക്കാൻ കൽപിച്ച പ്രവാചകനോടു തന്നെ അതിനുത്തരം നൽകാനും അല്ലാഹു കൽപിച്ചിരിക്കുന്നു. പ്രവാചകൻ പറയുന്ന ഉത്തരങ്ങൾ നേരത്തെ അവിശ്വാസികൾക്ക് അറിഞ്ഞുകൂടാത്തതുകൊണ്ടല്ല ഇത്. ഇത്തരം ചോദ്യങ്ങൾ ഖുർആൻ പല സന്ദർഭങ്ങളിലും ഉന്നയിക്കുന്നുണ്ട്. പലപ്പോഴും അവിശ്വാസികൾ തന്നെ ശരിയായ മറുപടി പറയുമെന്നും പ്രസ്താവിക്കുന്നുണ്ട്. ഒരു ഉദാഹരണം وَلَئِن سَأَلْتَهُم مَّنْ خَلَقَهُمْ لَيَقُولُنَّ ٱللَّهُ فَأَنَّىٰ يُؤْفَكُونَ (അവരെ സൃഷ്ടിച്ചതാരെന്ന് അവരോട് ചോദിച്ചാൽ തീർച്ചയായും അവർ പറയും, അല്ലാഹു എന്ന്. പിന്നെ എങ്ങനെയാണവർ സത്യത്തിൽനിന്ന് തെറ്റിക്കപ്പെടുന്നത് – 43:87). ചില സന്ദർഭങ്ങളിൽ തങ്ങളുടെ മറുപടി തങ്ങൾക്കെതിരായ ന്യായമായിത്തീരുമെന്ന് കണ്ട് അവർ മൗനം പാലിക്കും. അത്തരം ഒരു സന്ദർഭമാണിത്. മൗനത്തിലൂടെ ന്യായത്തിൽനിന്ന് രക്ഷപ്പെടാൻ അവരെ അനുവദിക്കാതിരിക്കാനാണ് പ്രവാചകൻ തന്നെ തന്റെ ചോദ്യത്തിനു മറുപടി പറയുന്നത്. മറുപടി പറയാതിരിക്കാനേ അവർക്കാവൂ, പ്രവാചകന്റെ മറുപടിയെ നിഷേധിക്കാനാവില്ല. ചില പണ്ഡിതന്മാർ ഇങ്ങനെയും വ്യാഖ്യാനിച്ചിരിക്കുന്നു. പിതാവുമായി പിണങ്ങുന്ന പുത്രനെ മാതാവ് ഉപദേശിക്കുന്നതുപോലെയാണത്. ഭക്ഷണവും വസ്ത്രവും മറ്റാവശ്യങ്ങളും നിവർത്തിച്ചു തന്ന് നിന്നെ വളർത്തുന്നതാരാണ്, നിന്റെ പിതാവ്. ആ പിതാവിനെ ധിക്കരിച്ച് നീ അദ്ദേഹത്തിന്റെ ശത്രുക്കളുടെ വാക്കു കേട്ട് നടക്കാമോ? എന്നു ചോദിക്കുന്നതുപോലെ.

അന്ധതയും കാഴ്ചയും –ٱلْأَعْمَىٰ وَٱلْبَصِيرُ– ഇവിടെ വിചാരപരവും ധാർമികവുമായ ആന്ധ്യത്തിന്റെയും ഉൾക്കാഴ്ചയുടെയും രൂപകമായും, ഇരുട്ടും വെളിച്ചവും അജ്ഞാനത്തിന്റെയും ആധ്യാത്മജ്ഞാനത്തിന്റെയും രൂപകമായിട്ടുമാണ് ഉപയോഗിച്ചിട്ടുള്ളത്. ഇരുട്ടിനെ ظلمات എന്ന് ബഹുവചനമായി പറഞ്ഞതിൽ സൂക്ഷ്മമായ ഒരു പൊരുളുണ്ട്. ധാർമികവും ചിന്താപരവുമായ അജ്ഞാനം പലതരത്തിലുണ്ട്. അത് പ്രകടമാകുന്ന രീതികളും പലതാണ്. ധാർമികവും ആധ്യാത്മീയവുമായ ജ്ഞാനത്തിന്റെ വെളിച്ചം ഒന്നേയുള്ളൂ. അത് അല്ലാഹുവിങ്കൽ നിന്നുള്ളതാണ്. ശക്തികൊണ്ട് കീഴടക്കി നിയന്ത്രിക്കുക എന്നർഥമുള്ള قَهْر ന്റെ കർതൃപദമായ قَاهِر ന്റെ ഉത്തമവാചിയാണ് قَهَّار. അവൻ സ്രഷ്ടാവ് മാത്രമല്ല, സകലത്തെയും നേരിട്ടു നിയന്ത്രിച്ചുകൊണ്ടിരിക്കുന്നവനുമാണ് എന്നിരിക്കെ അവന് തന്റെ കാര്യത്തിൽ മറ്റുള്ളവരെ പങ്കാളികളാക്കേണ്ട യാതൊരാവശ്യമില്ലെന്നാണ് ഇതിന്റെ ധ്വനി.

**17:** ഈ പ്രപഞ്ച സംവിധാനത്തിന്റെ നിലനിൽപിന്നാധാരമായ സത്യത്തിന്റെയും നീതിയുടെയും അടിസ്ഥാന സ്തംഭങ്ങളെല്ലാം തകർക്കുന്നതാണ് ബഹുദൈവാരാധന എന്ന് മുൻ സൂക്തങ്ങളിൽ സൂചിപ്പിച്ച യാഥാർഥ്യത്തെ ഒന്നുകൂടി വിശദീകരിച്ചിരിക്കുകയാണിവിടെ. തൗഹീദും ശിർക്കും (ഏകദൈവ വിശ്വാസവും ബഹുദൈവവിശ്വാസവും) ഒരേ സമയം അംഗീകരിക്കുന്നത് കാഴ്ചയും ആന്ധ്യവും അല്ലെങ്കിൽ ഇരുട്ടും വെളിച്ചവും തുല്യമാണ് എന്ന് വാദിക്കുന്നതുപോലെ സാമാന്യ ബുദ്ധിക്കും നൈതികതക്കും നിരക്കാത്ത ഗുരുതരമായ അബദ്ധമാണെന്നാണല്ലോ തൊട്ടു മുൻപത്തെ സൂക്തത്തിൽ പറഞ്ഞത്. ഒരടി കൂടി മുന്നോട്ടുപോയി പറയുകയാണ്: പ്രപഞ്ചത്തിന്റെ പ്രകൃതിക്കും പ്രപഞ്ചത്തിൽ അല്ലാഹു നടത്തിക്കൊണ്ടിരിക്കുന്ന നടപടിക്രമത്തിനും കൂടി വിരുദ്ധമാണത്.

പ്രാപഞ്ചിക സ്വഭാവം നോക്കുക. ആകാശത്തുനിന്ന് മഴ പെയ്തിറങ്ങുമ്പോൾ ഭൂമിയുടെ സ്വഭാവമനുസരിച്ച് അത് മണ്ണിൽ ഒഴുകിപ്പരക്കുകയായി. فَسَالَتْ أَوْدِيَةٌۢ بِقَدَرِهَا എന്നാണ് മൂലവാക്യം. മലകൾക്കിടയിലുള്ള സമതലപ്രദേശമാണ് وَادِي. താഴ്‌വര, അടിവാരം, നാട് തുടങ്ങിയ അർഥങ്ങളിലൊക്കെ ഉപയോഗിക്കും. അതിന്റെ ബഹുവചനമാണ് أَوْدِيَةٌ. അതിന്റെ കണക്ക് അല്ലെങ്കിൽ കഴിവ് അനുസരിച്ച് എന്നാണ് بِقَدَرِهَاയുടെ അർഥം. ജലം ഉൾക്കൊള്ളാനുള്ള മണ്ണിന്റെ കപ്പാസിറ്റിക്കൊത്ത് അത് ഭൂമിയിൽ പരക്കുന്നു. പിന്നെ ജലം ഉപരിതലത്തിൽ പൊങ്ങിയൊഴുകുന്നു. ഇങ്ങനെ ഒഴുകുമ്പോൾ നുരയും പതയും മണ്ണിലെ മാലിന്യങ്ങളും ചപ്പുചവറുകളും കൂടി അതു വഹിക്കു

ന്നു. زبد ന്ന് അഴുക്ക്, കീടം, മട്ട്, നുരയും പതയും എന്നെല്ലാമാണ് അർഥം. ഇത് زُبْدَة എന്നാകുമ്പോൾ വെണ്ണ, പാട്, കൊഴുപ്പ് എന്നൊക്കെ അർഥമാകുന്നു. മാലിന്യങ്ങളും നുരയും പതയും കടലിലെത്തിയോ കരയിലടിഞ്ഞോ വായുവിൽ ലയിച്ചോ അപ്രത്യക്ഷമാകുന്നു. അങ്ങനെ ഒഴുക്ക് മാലിന്യം നശിപ്പിച്ച് മണ്ണിനെ ശുദ്ധീകരിക്കുകയും മനുഷ്യർക്കാവശ്യമായ ശുദ്ധജലം മണ്ണിൽ സംഭരിക്കുകയും ചെയ്യുന്നു. ജലത്തിന് ഒഴുകുന്ന പ്രകൃതമില്ലായിരുന്നുവെങ്കിൽ എന്തായിരിക്കും അവസ്ഥയെന്നറിയാൻ മഴയുടെ മറ്റൊരു രൂപമായ മഞ്ഞ് വീഴ്ചയുടെ കെടുതികളാലോചിച്ചാൽ മതി. വെള്ളത്തിന്റെ ഒഴുക്ക് അധിക ജലത്തെ ഒരിടത്ത് കെട്ടിനിൽക്കാതെ ഇതര ഭാഗങ്ങളിലേക്കെത്തിച്ച് അവിടവും സജലമാക്കുന്നു. ഒപ്പം അത് മണ്ണിനെ ശുദ്ധിയാക്കുകയും സ്വയം ശുദ്ധിയാവുകയും ചെയ്യുന്നു.

ഇതേ യാഥാർഥ്യത്തിന്റെ മറ്റൊരു ഉദാഹരണമാണ് ലോഹങ്ങളുരുക്കുമ്പോൾ അതിലെ കലർപ്പുകൾ പുറത്തുവരുന്നത്. സ്വർണം ഊതിക്കാച്ചിയാണല്ലോ അതിൽ കലർന്ന മറ്റു ലോഹങ്ങളും അഴുക്കുകളും പുറത്തുകളയുന്നത്. ഒടുവിൽ ശുദ്ധ സ്വർണം അവശേഷിക്കുന്നു.

ഈ രണ്ടുദാഹരണങ്ങളും വെളിവാക്കുന്നത് അല്ലാഹു നിർമിച്ച പ്രപഞ്ചത്തിന്റെ പ്രകൃതിയാണ്. യഥാർഥത്തിൽ ഗുണകരമായത് അത് നിലനിർത്തുന്നു. ഗുണകരമല്ലാത്ത പാഴ്വസ്തുക്കൾ തള്ളിക്കളയുന്നു. അതാണ് പ്രകൃതിയുടെ തെരഞ്ഞെടുപ്പ് -Selection. ഇതേ പ്രകാരം അല്ലാഹു അവന്റെ നടപടിക്രമം -സുന്നത്ത് അനുസരിച്ച് സത്യാസത്യങ്ങളെ സംഘട്ടനത്തിലേർപ്പെടുത്തുകയും ആ സംഘട്ടനത്തിൽ സത്യത്തിനു മീതെ പൊന്തിവരുന്ന കീടങ്ങളെ ചവറുകളായി പുറംതള്ളുകയും ചെയ്യുന്നു. ജനങ്ങൾക്കുപകാരപ്പെടുന്ന സത്യം നിലനിൽക്കുന്നു.

അന്ധവിശ്വാസങ്ങളുടെയും അനാചാരങ്ങളുടെയും വരൾച്ചയും മുരടിപ്പും ബാധിച്ച സമൂഹത്തിൽ പെയ്തിറങ്ങുന്ന മഴയാണ് ദൈവിക വെളിപാടുകൾ. അതുവഴി മനുഷ്യമനസ്സുകൾ ഉർവരവും സജീവവുമാകുന്നു. വേദസത്യങ്ങളുടെ ഒഴുക്കിൽ സമൂഹമനസ്സിലടിഞ്ഞുകൂടിയ അസത്യത്തിന്റെയും അധർമത്തിന്റെയും മാലിന്യങ്ങൾ മേലോട്ട് പൊങ്ങിവന്ന് കലങ്ങിമറിയുന്നു. കുറെ കുത്തിയൊഴുകിയ ശേഷം അതെല്ലാം ശൂന്യതയിൽ അപ്രത്യക്ഷമാകും. വേദസത്യങ്ങളും അതിന്റെ വാഹകരും നിലനിൽക്കുകയും ചെയ്യും.

സൂക്ത സമാപനമായ ......كَذَٰلِكَ يَضْرِبُ എന്ന വാക്യത്തിന്റെ താൽപര്യമിതാണ്: ആളുകൾക്ക് യാഥാർഥ്യങ്ങൾ അനായാസം ഗ്രഹിക്കാൻ പര്യാപ്തമായ ഉദാഹരണങ്ങളാണ് അല്ലാഹു ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്. അസത്യദർശനങ്ങൾക്കുവേണ്ടി പോരാടുന്നവർ ഈ ഉദാഹരണങ്ങളുടെ വെളിച്ചത്തിൽ തങ്ങളുടെ ഭാവിയെക്കുറിച്ച് ആലോചിച്ചു നോക്കേണ്ടതാണ്. സത്യവിശ്വാസികൾ അവരുടെ ഭാവിയെക്കുറിച്ചും ആലോചിക്കണം.

**18:** ٱلْحُسْنَىٰ ഒരു വിശേഷണപദമാണ്. أسماء الحسني അല്ലാഹുവിന്റെ ഉത്തമനാമങ്ങൾ അല്ലെങ്കിൽ സൽഗുണങ്ങളാണ്. വിശേഷ്യം ഇല്ലാതെ حسنى എന്നുമാത്രം ഉപയോഗിക്കുമ്പോൾ ഉദ്ദേശ്യം വിശിഷ്ടമായ അനന്തരഫലം, ഉത്തമ പ്രതികരണം, നല്ല റിസൽട്ട് എന്നും ദയ, സൗഹൃദം എന്നുമാണ്. വിശിഷ്ടമായ അനന്തരഫലം, നല്ല റിസൽട്ട് എന്ന അർഥമാണിവിടെ യോജിക്കുക. عاقبة الحسنى സൽപരിണതിയും ആവാം. മുൻസൂക്തത്തിൽ ഉപമാ രൂപത്തിൽ പറഞ്ഞ കാര്യം സാധാരണ വാക്കുകളിൽ പറഞ്ഞിരിക്കുകയാണിവിടെ. ദൈവദൂതൻ ഖുർആനിന്റെ രൂപത്തിൽ അവതരിപ്പിക്കുന്ന ഈ സന്ദേശം കൈക്കൊള്ളുന്നവരുടെ പരിണതി അതിവിശിഷ്ടമായിരിക്കും. അവരുടെ കർമങ്ങൾക്ക് അനുഗൃഹീതമായ പ്രതിഫലം ലഭിക്കുന്നതാണ്. നിത്യസ്വർഗമാണത്. അത് സ്വീകരിക്കാൻ വിസമ്മതിക്കുന്നവരും അതിനെ എതിർത്തു തോൽപിക്കാൻ ശ്രമിക്കുന്നവരും ഓർത്തുകൊള്ളുക, ഈ നിലപാടിന്റെ അനന്തരഫലം മുന്നിൽ വരുന്ന നാളിൽ ഈ ലോകം മുഴുവനും അത്രതന്നെ വേറെയും കൈയിൽ കിട്ടിയാൽ അതൊക്കെയും പിഴയായൊടുക്കിയിട്ടെങ്കിലും ആ അനന്തരഫലത്തിൽനിന്ന് രക്ഷപ്പെട്ടു കിട്ടാൻ അവർ വെപ്രാളപ്പെട്ടുകൊണ്ടിരിക്കും. ഇത്തരം ആളുകൾ തീർച്ചയായും ഏറ്റം രൂക്ഷമായി വിചാരണ ചെയ്യപ്പെടും. നരകമാണവരുടെ ശാശ്വത ഗേഹം. സങ്കൽപിക്കാവുന്നതിൽവെച്ച് ഏറ്റവും യാതനാ നിർഭരമായ വീടാണത്. سُوٓءُ ٱلْحِسَابِ ന്റെ ഭാഷാർഥം വിചാരണാദോഷം എന്നാണ്. തിന്മ, പീഡനം, അപമാനം, പാപം, നിഷ്ഠുരത, മോശം തുടങ്ങിയ ആശയങ്ങളെല്ലാം വഹിക്കുന്ന ശബ്ദമാണ് سوء. വിട്ടു വീഴ്ചയില്ലാത്ത കർക്കശമായ വിചാരണയാണ് ഇവിടെ ഉദ്ദേശ്യം. അവരുടെ ഓരോ ചലനവും എണ്ണിയെണ്ണി പരിശോധിക്കപ്പെടും. ഓരോ വാക്കും അതിന്റെ ഭയാനകമായ രൂപത്തിൽ മുന്നിൽ പ്രത്യക്ഷമാകും. സത്യവിശ്വാസികളായ സജ്ജനങ്ങളുടെ ലഘുവായ വീഴ്ചകളും കുറവുകളും വിട്ടുവീഴ്ചയോടെയായിരിക്കും വീക്ഷിക്കപ്പെടുക.

لَوْ أَنَّ لَهُم.......... എന്നു തുടങ്ങുന്ന വാക്യം മനുഷ്യരുടെ സത്യനിഷേധത്തിന്റെ കാരണത്തിലേക്ക് സൂചന നൽകുന്നതാണ്. ഈ ലോകത്തെ സുഖഭോഗങ്ങളും സാധന സാമഗ്രികളും പണവും പ്രതാപവുമൊക്കെയാണ് അവരെ ഖുർആനിക സന്ദേശത്തിൽനിന്ന് തടയുന്നത്. എന്നാൽ ഏതെല്ലാം ഭൗതിക താൽപര്യങ്ങൾ സംരക്ഷിക്കാനാണോ അവൻ ആർത്തിപൂണ്ട് അഹോരാത്രം പരിശ്രമിക്കുന്നത്, ആ താൽപര്യങ്ങളുടെയെല്ലാം ധാർമികമായ അനന്തരഫലം മുന്നിൽ വരുമ്പോൾ ഈ ആർത്തിയെല്ലാം ആവിയായിപ്പോയിട്ടുണ്ടാവും. ഇതിനു വേണ്ടിയാണല്ലോ ജീവിതകാലം മുഴുവൻ പാടുപെട്ടത് എന്ന നെടും ഖേദമായിരിക്കും അപ്പോഴവനിൽ നിറയുക. ഈ ലോകം മുഴുവനും വേറൊരു ലോകവും കൂടി കൈയിൽ കിട്ടുകയാണെങ്കിൽ അതെല്ലാം തെണ്ടം കൊടുത്ത് ഈ പരിണതിയിൽനിന്ന് രക്ഷപ്പെടാൻ കഴിഞ്ഞെങ്കിൽ എന്നവൻ വ്യാമോഹിച്ചു പോകുന്നു. ■